(ബി) വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ ഓരോ തസ്തികകൾ ഉണ്ട്.

(സി, ഡി) കാസർഗോഡ് ജില്ലയിൽ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം മാത്രമേ നിലവിലുള്ളൂ. ജില്ലയിലെ ഖാദി ഉല്പാദന കേന്ദ്രങ്ങൾ (സ്പിന്നിംഗ്—വീവിംഗ്) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ്. ജോലിഭാരം പൊതുവേ കുറവുള്ള ജില്ല എന്ന നിലയ്ക്കാണ് കാസർഗോഡ് ജില്ലയ്ക്കനുവദിച്ച വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികകൾ ജോലിഭാരം കൂടുതലുള്ള മറ്റു ജില്ലകളിലേക്ക് മാറ്റിയിട്ടുള്ളത്.

ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് നൽകുന്ന പലിശ സബ്സിഡി

77 [5954] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് നൽകുന്ന പലിശ സബ്സിഡി സർക്കാർ നൽകി വരുന്നുണ്ടോ; ഇത് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവസാനമായി പലിശ സബ്സിഡി അനുവദിച്ചതെന്നാണെന്നും എത്ര യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ടെന്നും എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഈ വായ്പക്ക് ഖാദി ബോർഡ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പകളുടെ തിരിച്ചടവ് കാലാവധി വരെ സബ്സിഡി നൽകണമെന്ന നിബന്ധന പാലിക്കപ്പെടാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ 2001-02, 2002-03, 2003-04 വർഷങ്ങളിൽ ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു;

(എഫ്) 2001-02, 2002-03 വർഷങ്ങളിൽ പാസ്സാക്കിയ സബ്സിഡി ക്ലെയിമുകളിൽ എത്ര തുക ഇനിയും കൊടുക്കാനുണ്ട്;

(ജി) 2003-04 വർഷത്തെ ക്ലെയിമുകൾ കൂടി കണക്കിലെടുത്താൽ എത്ര തുക ഇതിലേക്കായി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എച്ച്) പലിശ സബ്സിഡി അടിയന്തിരമായി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) 2002-03 വർഷം മുതൽ പലിശ സബ്സിഡി നൽകുന്നില്ല. അതുവരെ 114 യൂണിറ്റുകൾക്കായി 38.52 ലക്ഷം രൂപ പലിശ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(സി) സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2001-02-ൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. പിന്നീട് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(എഫ്) 46 ലക്ഷം രൂപ കൊടുക്കാനുണ്ട്.

(ജി) ഇതിലേക്കായി 130 ലക്ഷം രൂപ വേണ്ടിവരും.

(എച്ച്) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. വകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും ദുർവ്യയം കുറയ്ക്കുന്നതിനുള്ള നടപടികൾ

78 [5808] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. മറ്റ് വകുപ്പ് തലവൻമാരുടേയും ദുർവ്യയം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദുർവ്യയം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെട്ട ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റേയും മറ്റ് വകുപ്പുകളിലെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും പരിശോധന റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിക്കാറുണ്ടോ;

(സി) ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാറിപ്പോർട്ടിൻമേൽ ഗവൺമെന്റ് തുടർനടപടികൾ സ്വീകരിക്കാറുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ദുർവ്യയം കുറയ്ക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി എത്ര കോടി രൂപയുടെ ലാഭം ഗവൺമെന്റിനുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly